| | | | |
|---|---|---|---|
| **പതിമൂന്നാം കേരള നിയമസഭ** | | | |
| **പതിനാലാം സമ്മേളനം** | | | |
| **നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *267** | | **09.07.2015-ൽ മറുപടിക്ക്** | |
| **<u>വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി പരിഷ്കരണം</u>** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എം.ഉമ്മൻ<br>ശ്രീ.എൻ.ഷംസുദ്ദീൻ** | | **ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളുടെ അഭിരുചി വികാസത്തിനുതകുന്ന തരത്തിൽ പാഠ്യപദ്ധതി നാല് മോഡ്യൂളുകളാക്കണമെന്നും ഓരോ മോഡ്യൂളുകളുടെ അവസാനത്തിലും പ്രായോഗിക പരീക്ഷയും നിലവിലുള്ളതുപോലെ വാർഷിക എഴുത്തു പരീക്ഷയും നടത്തണമെന്നുമാണ് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലെ മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി തൊഴിലവസരങ്ങൾ വർദ്ധിപ്പി-ക്കുന്നതിന് സഹായകരമായ രീതിയിൽ കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കുകയും നിലവിലുള്ള കോഴ്സുകളുടെ ഘടനയിൽ മാറ്റം വരുത്തി, |

| | | | |
|---|---|---|---|
| | | | കോഴ്സുകളുടെ പേരുകൾ പരിഷ്കരിക്കുകയും ചെയ്യണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. സമിതിയുടെ ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പാഠ്യപദ്ധതിയിൽ പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതിയാണ് വി.എച്ച്.എസ്.ഇ -യ്ക്കുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്